UNIVERSITY OF CALICUT

UNIVERSITY OF CALICUT
(SCHOOL OF DISTANCE EDUCATION)

No: 75217/SDE-A-ASST-2/2017/Admn    Dated,Calicut University P.O 25.05.2019

## NOTIFICATION

**ബി.എ./ബി.കോം.ഡിഗ്രി (ഓപ്പൺസ്കീം) പ്രവേശന പരീക്ഷ 2019.**

കാലിക്കറ്റ് സർവകലാശാലയുടെ വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തുന്ന ബി.എ./ബി.കോം ഡിഗ്രി (ഓപ്പൺസ്കീം) പ്രോഗ്രാമുകളിലേക്ക് 2019-20 അദ്ധ്യയന വർഷത്തെ പ്രവേശനത്തിനുള്ള പ്രവേശന പരീക്ഷയ്ക്കുള്ള അപേക്ഷ ക്ഷണിക്കുന്നു. (+2/പ്രീഡിഗ്രി പാസ്സായവർ/തത്തുല്യ യോഗ്യതയുള്ളവർ ഈ പരീക്ഷയ്ക്ക് അപേക്ഷിക്കാൻ അർഹരല്ല).

1) **യോഗ്യത** : 2019 ജൂലൈ 1 ന് 18 വയസ്സ് പൂർത്തിയായിരിക്കണം.(ജനനതീയതി തെളിയിക്കുന്നതിനുള്ള ഏതെങ്കിലും ആധികാരിക രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കണം. SSLC ഉള്ളവർ അതിന്റെ പകർപ്പ് തന്നെ ഹാജരാക്കണം. SSLC പരീക്ഷ എഴുതിയിട്ടില്ലാത്ത വിദ്യാർത്ഥികൾ ഇതുസംബന്ധിച്ച സത്യപ്രസ്താവന എഴുതി നൽകേണ്ടതാണ്) . അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതകൾ നിഷ്കർഷിക്കുന്നില്ല. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (യു.ജി.സി) നിയമപ്രകാരം വിദൂരവിദ്യാഭ്യാസം വഴിയുള്ള ഡിഗ്രി പ്രവേശനത്തിനു വേണ്ട അടിസ്ഥാനയോഗ്യത നിർണ്ണയിക്കുന്നതിനുള്ള പദ്ധതി അനുസരിച്ചാണ് ഈ പരീക്ഷ നടത്തുന്നത്.(ഈ പരീക്ഷ +2 പരീക്ഷയ്ക്ക് തുല്യമല്ല)

2) **പരീക്ഷാ തീയ്യതി** : 2019 ജൂലൈ 13.

4 ) **പരീക്ഷാ സെന്ററുകൾ** : തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങൾ.

5)**ഫീസ് വിവരങ്ങൾ**

**അപേക്ഷാ ഫീസ്** - General : **1050/- രൂപ,** SC/ST : **525/- രൂപ.** (പ്രവേശന പരീക്ഷയുടെ പഠനാവലിയും മാതൃകാ ചോദ്യങ്ങളും വിദൂരവിദ്യാഭ്യാസവിഭാഗം വെബ്സൈറ്റിൽ ലഭ്യമാണ്. പുസ്തകം ആവശ്യമുള്ളവർ **210/- രൂപ** അധികമായി അടക്കേണ്ടതാണ്.

6)**അപേക്ഷിക്കേണ്ട വിധം :** അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനു മുൻപ് അപേക്ഷാ ഫീസ് സർവകലാശാലാ വെബ്സൈറ്റിലെ Instant Web Payment System വഴി അടക്കേണ്ടതും പാസ്പോർട്ട് വലിപ്പത്തിലുള്ള സ്വന്തം ഫോട്ടോ സ്കാൻ ചെയ്ത് JPEG ഫോർമാറ്റിൽ കരുതേണ്ടതുമാണ്. കാലിക്കറ്റ് സർവകലാശാലാ വിദൂരവിദ്യാഭ്യാസ വിഭാഗത്തിന്റെ ഔദ്യോഗിക വെബ്സൈറ്റായ **www.sdeuoc.ac.in** ന്റെ ഹോം പേജിലുള്ള Online Registration എന്ന ലിങ്ക് ഉപയോഗിച്ച് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റൗട്ട്, വയസ്സ് തെളിയിക്കുന്ന രേഖയുടെയും, SC/ST വിഭാഗത്തിൽപ്പെടുന്നവർ ജാതി തെളിയിക്കുന്നതിനുള്ള രേഖയുടെയും പകർപ്പ്, ഫീസടച്ച ചലാൻ രശീതി എന്നിവ സഹിതം കാലിക്കറ്റ് സർവകലാശാലാ വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ നേരിട്ടോ തപാൽ മാർഗ്ഗമോ സമർപ്പിക്കേണ്ടതാണ്. അപേക്ഷയുടെ ഒരു പകർപ്പ് വിദ്യാർത്ഥികൾ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. പ്രവേശന പരീക്ഷയുടെ ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യാൻ ഇത് ആവശ്യമാണ്.

7)**<u>അപേക്ഷിക്കുവാനുള്ള തീയതി</u>** :

- ഓൺലൈൻ രജിസ്ട്രേഷൻ തുടങ്ങുന്നത് 27-05-2019.
- പിഴ കൂടാതെ അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി 10-06-2019.
- 100 രൂപ പിഴയോടുകൂടി അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി 13-06-2019.
- അപേക്ഷയുടെ പ്രിന്റൗട്ട് സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 17-06-2019.

8)**<u>അപേക്ഷയുടെ പ്രിന്റൗട്ട് അയയ്ക്കേണ്ട വിലാസം</u>** : ഡയറക്ടർ, സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ, കാലിക്കറ്റ് സർവകലാശാല.പി.ഒ. മലപ്പുറം 673635.

9)**<u>പരീക്ഷാ രീതി</u>** :ഒബ്ജക്ടീവ് രീതിയിൽ മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങൾ ഉൾപ്പെടുത്തിയാണ് പരീക്ഷ നടത്തുന്നത്. ഇംഗ്ലീഷ്, രണ്ടാം ഭാഷ (മലയാളം/ ഹിന്ദി/ അറബിക്) , മെയിൻ വിഷയം എന്നിവയിലായി മൂന്ന് പരീക്ഷകളാണ് നടത്തുക. പാർട്ട് 1 ഇംഗ്ലീഷ് പരീക്ഷ എല്ലാ വിദ്യാർത്ഥികളും നിർബന്ധമായും എഴുതേണ്ടതാണ്. പാർട്ട് 2 ഉപഭാഷയായി മലയാളം, അറബിക്, ഹിന്ദി ഇവയിലേതെങ്കിലും ഒന്ന് എഴുതേണ്ടതാണ്. പാർട്ട് 3 മെയിൻ വിഷയങ്ങളിൽ ബി.കോമിന് ചേരാൻ ഉദ്ദേശിക്കുന്നവർ കോമേഴ്സും, ബി.എ.യ്ക്ക് ചേരാൻ ഉദ്ദേശിക്കുന്നവർ ഹിസ്റ്ററി, പൊളിറ്റിക്കൽ സയൻസ്, ഇക്കണോമിക്സ് എന്നീ വിഷയങ്ങളിലേതെങ്കിലും ഒന്നും എഴുതേണ്ടതാണ്. അറബിക്,മലയാളം,ഹിന്ദി എന്നിവ പ്രധാന വിഷയമായി എടുത്ത് ഡിഗ്രിയ്ക്ക് പഠിക്കാൻ ഉദ്ദേശിക്കുന്നവർ നിർബന്ധമായും അതത് വിഷയങ്ങളിലെ സെക്കന്റ് ലാംഗ്വേജിൽ പ്രവേശന പരീക്ഷ പാസ്സാകണം(സെക്കന്റ് ലാംഗ്വേജ് പിന്നീട് മാറ്റാവുന്നതല്ല). 300/- മാർക്കിലുള്ള പ്രവേശന പരീക്ഷയിൽ 105 മാർക്ക് കിട്ടുന്നവർക്ക് ഡിഗ്രി പ്രവേശനത്തിന് യോഗ്യത നേടുന്നതാണ്. ഓരോ പേപ്പറിനും നിശ്ചിത മാർക്ക് ലഭിക്കണമെന്നില്ല. എന്നാൽ മൂന്ന് പരീക്ഷകൾക്കും നിർബന്ധമായി ഹാജരാകേണ്ടതാണ്. പ്രവേശന പരീക്ഷ പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി, മലയാളം, ഇംഗ്ലീഷ്, അറബിക്, ഹിന്ദി എന്നിവയിലേതെങ്കിലുമൊന്ന് പ്രധാന വിഷയമായി എടുത്ത് പഠിക്കാവുന്നതാണ്.

1 0 ) **<u>പരീക്ഷാഫലം</u>** : പരീക്ഷാഫലം വിദൂരവിദ്യാഭ്യാസ വിഭാഗം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. വിദ്യാർത്ഥികൾക്ക് പ്രത്യേകം അറിയിപ്പ് നൽകുന്നതല്ല. പരീക്ഷ പാസ്സാകുന്നവർക്ക് സർട്ടിഫിക്കറ്റോ, മാർക്ക് ലിസ്റ്റോ നൽകുന്നതല്ല.

11)**<u>ഓപ്പൺ ബിരുദ പ്രവേശനം</u>** : പ്രവേശന പരീക്ഷ പാസ്സാകുന്ന വിദ്യാർത്ഥികൾ ഡിഗ്രി പ്രവേശനത്തിന് മതിയായ ഫീസടച്ച് ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്.

- *മതിയായ രേഖകൾ ഇല്ലാതെയോ, അവസാന തീയിക്ക് ശേഷമോ ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.*
- *പരീക്ഷാ തീയതി, പരീക്ഷാ കേന്ദ്രം എന്നിവയിൽ മാറ്റം വരുത്തുന്നതിനുള്ള അധികാരം സർവകലാശാലയിൽ നിക്ഷിപ്തമാണ്.*

***വിശദ വിവരങ്ങൾ വിദൂര വിദ്യാഭ്യാസ വിഭാഗം ഓഫീസിൽ നിന്നും (ഫോൺ 0494 2400288,2407356,2407512) www.sdeuoc.ac.in എന്ന വെബ്സൈറ്റിൽ നിന്നും ലഭ്യമാണ്.***

Dr. Sivadasan P
Director, SDE